## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 761** — **27/04/2017 ൽ മറുപടിയ്ക്ക്**

## കശുവണ്ടി ഉല്പാദനം

**ചോദ്യം**
**ശ്രീ.മുല്ലക്കര രത്നാകരൻ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷിയിൽ താല്പര്യമുള്ള കർഷകരെ കണ്ടെത്തി കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കശുമാവ് കൃഷി വികസന ഏജൻസി 'കശുമാവ് പുതുകൃഷി' എന്ന പദ്ധതി വഴിയും സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കശുവണ്ടി തൊഴിലാളികൾ എന്നിവർ വഴി കശുമാവ് കൃഷിയിൽ അവബോധം സൃഷ്ടിച്ചു കൊണ്ട് 'മുറ്റത്തൊരു കശുമാവ്' എന്ന പദ്ധതി പ്രകാരവും കശുമാവിൻ തൈകൾ നൽകി കൃഷി വ്യാപിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 5 ഏക്കറിൽ കൂടുതൽ സ്ഥലമുള്ള കർഷകർക്ക് കശുമാവിൻതോട്ടം ഉണ്ടാക്കുന്നതിനായി കശുമാവിൻതൈകളും സ്ഥലം ഒരുക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കശുമാവ് കൃഷി വികസനത്തിന് താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>• കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശു |

| | | | |
|---|---|---|---|
| | | | മാവ് നഴ്സറിയിൽ അത്യുൽപാദന ശേഷിയുള്ള 2 ലക്ഷം കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• കോർപ്പറേഷന്റെ 30 ഫാക്ടറികളിലായുള്ള 90 ഏക്കർ സ്ഥലത്ത് 3500 ഓളം കശുമാവ് തൈകൾ പുതുതായി നടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.<br>• സംസ്ഥാനത്തുള്ള തരിശു ഭൂമികൾ കണ്ടെത്തി കശുമാവ് കൃഷി വ്യാപിപ്പിക്കു ന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തു വരുന്നു.<br>• കശുമാവ് കൃഷി വികസനം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ 35 രൂപാ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു.<br><br>കശുമാവ് എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് നിലവിൽ നിയമപരമായ തടസ്സങ്ങളില്ലാത്തതിനാൽ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (APK) യുമായി ഇക്കാര്യം ചർച്ച ചെയ്യുകയും അവർ കാഷ്യൂ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എ.പി.കെ.യിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് കാഷ്യൂ പ്ലാന്റേഷന് വേണ്ടിയുള്ള നടപടികൾ കേരളത്തിൽ വിപുലമായ തോതിൽ നടപ്പാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ